പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5691 — 27. 10. 2011 ലെ മറുപടിക്ക്

## വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ റ്റി. എൻ. പ്രതാപൻ<br>ശ്രീ കെ.അച്ചുതൻ<br>ശ്രീ സി. പി. മുഹമ്മദ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും<br>വകുപ്പു മന്ത്രി) |
| (എ) വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ 14 ജില്ലകളിലായി 14 ജില്ലാ വിജി. യൂണിറ്റുകളും 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോകളും പ്രവർത്തിച്ചുവരുന്നു. 2010-11 സാമ്പത്തിക വർഷത്തെ ബജറ്റിൽ വി. ജി. പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലേയ്ക്ക് 10 ലക്ഷം രൂപാ അനുവദിച്ചിരുന്നു. അതിൻ പ്രകാരം ആദ്യഘട്ട മെന്ന നിലയിൽ പിന്നോക്ക ജില്ലകളായ പത്തനംതിട്ട, മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലാ വി. ജി. യൂണിറ്റുകളുടേയും തിരുവനന്തപുരം, മണ്ണുത്തി യൂണിവേഴ്സിറ്റി ബ്യൂറോകളുടേയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് തെരഞ്ഞെടുത്തിരുന്നു. പ്രസ്തുത 10 ലക്ഷം രൂപാ ഉപയോഗിച്ച് ടി വി. ജി. യൂണിറ്റു കൾക്ക് Lap Top, LCD Projector, Screen, ആനുകാലിക പ്രസിദ്ധീകര ണങ്ങൾ, ലൈബ്രറി ബുക്കുകൾ എന്നിവ വാങ്ങി വിദ്യാഭ്യാസ/ തൊഴിൽ പരമായ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ടി തുക ഉപയോഗിച്ച് പോസ്റ്ററുകൾ, ചാർട്ടു കൾ എന്നിവ തയ്യാറാക്കി അവ ഉപയോഗിച്ച് ജില്ലകളിലെ വിവിധ സ്ക്കൂളുകളിലും കോളേജുകളിലും വച്ച് കരിയർ എക്സിബിഷനുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. |

| | |
|---|---|
| (ബി) പ്രസ്തുത യൂണിറ്റുകൾ വഴി നടത്തി വരുന്ന പദ്ധതികൾക്ക് വിദ്യാഭ്യാസപരവും തൊഴിൽപരവുമായ നിർദ്ദേശങ്ങൾ നൽകുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ; | (ബി) സ്വീകരിക്കുന്നതാണ്. |
| (സി) പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കരിയർ പ്രദർശനങ്ങളും പ്രഭാഷണങ്ങളും സംഘടിപ്പി ക്കുമോ ? | (സി) സംഘടിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ